പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 319 | 18.03.2013-ൽ മറുപടിയ്ക്ക്

## എം.പി.യുടെ പൊതുയോഗത്തിലെ പ്രസംഗത്തിനെതിരെയുള്ള കേസ്.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സുപ്രീംകോടതി ജഡ്ജി അനധികൃത ബാർ ലൈസൻസ് കേസിൽ സാമ്പത്തിക അഴിമതി നടത്തിയതിന് താൻ സാക്ഷിയാണെന്ന് കെ.സുധാകരൻ എം.പി. പൊതുയോഗത്തിൽ പ്രസംഗിച്ചത് സംബന്ധിച്ച് മ്യൂസിയം പോലീസ് രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) പ്രസംഗം നടത്തിയ ആളിനെ അറസ്റ്റ് ചെയ്ത ചോദ്യം ചെയ്യുകയുണ്ടായോ; എങ്കിൽ എപ്പോൾ എവിടെവെച്ച്; അന്വേഷണ ഉദ്യോഗസ്ഥർ ആരാണ്; | (ബി) അറസ്റ്റ് ചെയ്തിട്ടില്ല. മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 123/11 പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥൻ തിരുവനന്തപുരം സിറ്റി ക്രൈം ഡിറ്റാച്ച്മെന്റ് പോലീസ് അസിസ്റ്റന്റ് കമ്മീഷണറാണ്. |
| (സി) അന്വേഷണ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചത് എന്നാണ്; | (സി) അന്വേഷണ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടില്ല. |
| (ഡി) പൊതുയോഗത്തിൽ പ്രസംഗിക്കുമ്പോൾ പ്രസംഗം കേട്ട എത്ര പേരിൽ നിന്ന് തെളിവുകൾ ശേഖരിച്ചു; ആരുടെയെല്ലാം സാന്നിദ്ധ്യത്തിൽ എത്ര കേൾവിക്കാരെ മുൻനിർത്തിയാണ് പ്രസംഗം നടത്തിയത്; ഏതെല്ലാം ചാനലുകളും പത്രങ്ങളും പ്രസംഗം റിപ്പോർട്ട് ചെയ്യുകയുണ്ടായി; വിശദമാക്കുമോ? | (ഡി) ആറോളം പേരിൽനിന്ന് മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. ധാരാളം കേൾവിക്കാരുണ്ടായിരുന്നു. ഏതെല്ലാം ചാനലുകളും പത്രങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന വിവരം ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ